# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### മംഗളവാർത്തക്കാലം : മൂന്നാം ഞായർ
### ലൂക്കാ 1,57 – 66

"സ്നാപകയോഹന്നാൻ സഖറിയ ഏലിശ്വ ദമ്പതികൾക്ക്
ദൈവത്തിന്റെ കൃപയുടെ സ്വരവും, രക്ഷയുടെ അടയാളവുമാണ്.
അതുകൊണ്ട്, 'ദൈവം കൃപ കാണിച്ചു' എന്നർത്ഥമുള്ള
യോഹന്നാൻ എന്ന പേര് അവന് നൽകി!"

സഖറിയ നൽകുന്ന വലിയ വെളിപാട്; നാം ജീവിത്തിൽ പേറുന്ന ബന്ധനങ്ങളെ അതിജീവിക്കാൻ ദൈവഹിതം പൂർത്തിയാക്കുക!

യൂദയായിലെ മലനാട്ടിലെങ്ങും സംസാരവിഷയമായ സ്നാപകയോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള വിചിന്തനങ്ങളാണ് വചനഭാഗം മുഴുവൻ. ദൈവസന്നിധിയിൽ വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്കെല്ലാം ദൈവം സമീപസ്ഥനാണെന്ന് സഖറിയ എന്ന വൃദ്ധപുരോഹിതന്റെ ബലിയർപ്പണം നമ്മെ പഠിപ്പിക്കുന്നു. ദൈവസന്നിധിയിൽ വിശ്വാസത്തോടെ പ്രാർത്ഥിക്കണം. ദൈവം പ്രാർത്ഥന കേട്ടു എന്നു തോന്നുമ്പോൾ ദൈവത്തിന് ഇത് സാധിക്കുമോ എന്ന് ഹൃദയത്തിൽ ശങ്കിക്കരുത്. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് വലിയ കാരുണ്യം കാണിക്കുന്നവനാണ് ദൈവം. വിളിച്ചപേക്ഷിക്കുന്നവരോട് വലിയ കാരുണ്യം ദൈവം കാണിക്കുമ്പോൾ ദൈവത്തിന് ഇത് സാധിക്കുമോ എന്ന് ഹൃദയത്തിൽ സംശയിച്ചാൽ സംശയനിവാരണത്തിന് ദൈവം ചില അടയാളങ്ങൾ ജീവിത്തിൽ അവശേഷിപ്പിക്കും. ഇത്തരണത്തിലുള്ള ഒരു അടയാളമായിരുന്നു, സഖറിയായുടെ മൂകത!

"സഖറിയാ ദൂതനോടു ചോദിച്ചു: ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്. ദൂതൻമറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആണ്. നിന്നോടു സംസാരിക്കാനും സന്തോഷകരമായ ഈ വാർത്തനിന്നെ അറിയിക്കാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതു കൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല" (ലൂക്കാ 1,18–20).

ദൈവം വലിയ കൃപ കാണിച്ചിട്ടും ആ കൃപയെ അവിശ്വസിച്ചത് നിമിത്തം സഹനങ്ങളിലൂടെ യാത്രയായ സഖറിയ ഏലീശ്വ ദമ്പതികൾ പിന്നീടങ്ങോട് ദൈവത്തിന്റെ ഇഷ്ടങ്ങൾ പൂർത്തിയാക്കാൻ തത്രപ്പെടുകയാണ്. സമൂഹം ഒന്നടങ്കം നിർദ്ദേശിച്ച് പേര് നിരസിച്ച് ദൈവം സമ്മാനിച്ച പേര് നൽകാൻ തയ്യാറാകുന്നു. തീർച്ചയായും സഖറിയ വലിയൊരു ധർമ്മസങ്കടത്തിലാണ്. കാരണം, തന്റെ നാമം ഭൂമിയിൽ നിലനിർത്തേണ്ടവന് ദൈവം നിശ്ചയിച്ചിരിക്കുന്ന പേര് തന്റെ ബന്ധുക്കളിൽ പോലും ആർക്കും ഇല്ലാത്ത പേരാണ്, യോഹന്നാൻ. പക്ഷെ, സഖറിയായ്ക്ക് ഒരു ശങ്കയുമില്ല. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും എന്ന് പറയുന്നത് പോലെ സന്തോഷത്തോടെ ദൈവിക ഹിതത്തിന് കീഴ്‌വഴങ്ങുന്നു. അത് സഖറിയായുടെ വലിയ സന്തോഷത്തിന് കാരണമാകുന്നു. കാരണം, യോഹന്നാൻ എന്ന പേര് സഖറിയായുടെ നാവിന്റെ കെട്ടഴിക്കുന്നു.

"എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ

പ്രസവിച്ചു. കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു" (ലൂക്കാ 1,57-58) എലിസബത്ത് തന്റെ വാർദ്ധിക്കത്തിൽ ഒരു കുഞ്ഞിന് ജന്മം നൽകുന്നു. കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിക്കുന്നു. എത്ര സുന്ദരമായ ചിത്രം. ദൈവം മറ്റുള്ളവരുടെ ജീവിതത്തിൽ വലിയ അനുഗ്രഹങ്ങൾ സമ്മാനിക്കുന്നതോർത്ത് സന്തോഷിക്കുവാൻ സാധിക്കുന്നുണ്ടോ? ഒപ്പം, ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ്, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കാനും സാധിക്കുന്നുണ്ടോ?

കുഞ്ഞുങ്ങളെ ദൈവത്തിന്റെ പേരിൽ അറിയപ്പെടാൻ അനുവദിക്കുമ്പോൾ വലിയ അനുഗ്രഹങ്ങൾ ദൈവം വർഷിക്കുന്നു!

ഒരിക്കൽ, ഒരു ധനികൻ നടക്കാൻ ഇറങ്ങി. വഴിയോരത്ത് ഇരുന്ന ഒരു ഭിക്ഷക്കാരനെ കണ്ടയാൾ നിന്നു. അയാൾ ആ ഭിക്ഷക്കാരന്റെ കണ്ണിലേക്കു ഒരല്പനേരം നോക്കിയതിനു ശേഷം ചോദിച്ചു;

"എങ്ങിനെയാണ് ഈ അവസ്ഥയിൽ എത്തിയത്?"

ഭിക്ഷക്കാരൻ പറഞ്ഞു; "സാർ, ഏകദേശം ഒരു വർഷമായ് എനിക്കൊരു ജോലിയുമില്ല. നിങ്ങളെ കണ്ടാൽ ഒരു ധനികനെ പോലുണ്ട്. നിങ്ങൾ എനിക്കൊരു ജോലി തരികയാണെങ്കിൽ എന്റെ ഈ ദുരവസ്ഥ മാറും."

ധനികൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു; "ശരി, ഞാൻ നിന്നെ സഹായിക്കാം. പക്ഷെ, ജോലി തന്നല്ല. മറിച്ച്, ഒരല്പം കുടി നല്ല വിധത്തിൽ. നിനക്ക് സമ്മതം ആണെങ്കിൽ ഞാൻ നിന്നെ എന്റെ കച്ചവടത്തിൽ പങ്കാളിയാക്കാം. നമുക്ക് രണ്ടുപേർക്കും ചേർന്ന് ഒരു കച്ചവടം തുടങ്ങാം."

ഭിക്ഷക്കാരനു ഒന്നും മനസ്സിലായില്ല. അയ്യാൾ തിരിച്ച് ചോദിച്ചു, "സാർ, എന്താണ് ഉദ്ദേശിച്ചത്?"

"എനിക്കൊരു വലിയ നെൽപാടം ഉണ്ട്. അതിലെ അരി നീ വിപണിയിൽ കൊണ്ട് പോയി വിൽക്കണം. വില്പനയ്ക്ക് വരുന്ന എല്ലാ ചിലവുകളും ഞാൻ വഹിക്കും. നീ ചെയേണ്ടത് ഇത്രമാത്രം. അരി വിൽക്കുക. അതിനു ശേഷം ഓരോ മാസവും ലാഭത്തിലെ എന്റെ വിഹിതം എനിക്ക് തരിക."

ഭിക്ഷക്കാരന്റെ കണ്ണ് നിറഞ്ഞു. അയാൾ പറഞ്ഞു "നന്ദി സാർ, നന്ദി, തീർച്ചയായും എന്റെ പ്രാർത്ഥനകൾക്ക് കിട്ടിയ ഉത്തരമാണ് നിങ്ങൾ." ഒരു ചെറിയ വിരാമത്തിനു ശേഷം അയാൾ ചോദിച്ചു "സാർ, ലാഭം എങ്ങിനെ ആയിരിക്കും വീതിക്കുക? എനിക്ക് 20 ശതമാനവു നിങ്ങൾക്ക് 80 ശതമാനവും. അല്ലെങ്കിൽ, ഞാൻ 15 ശതമാനം വെച്ച് നിങ്ങള്ക്ക് 85 ശതമാനം?"

ധനികൻ വിസമ്മത ഭാവത്തിൽ തലയാട്ടിയിട്ടു പറഞ്ഞു, "നീ എനിക്ക് 10% തരണം. ബാക്കി 90% വും നിനക്ക് എടുക്കാം." അയാൾക്ക് അയാളുടെ കാതുകളെ വിശ്വസിക്കാനായില്ല. അൽപസമയത്തേക്ക് അയാൾക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. സ്വപ്നതുല്ല്യമായൊരു വാഗ്ദാനം ആയിരുന്നു അത്. ധനികൻ ചിരിച്ചു കൊണ്ട് പറഞ്ഞു, "സഹോദരാ, എനിക്കത്രയും മതി. കാരണം, എന്റെ കൈവശം നിനക്ക് ഊഹിക്കാൻ കഴിയുന്നതിൽ കൂടുതൽ സമ്പത്ത് ഉണ്ട്. നീ എനിക്ക് 10%

മാത്രം തരണം അങ്ങനെ നീ അഭിവൃദ്ധിപ്പെടുക." ഭിക്ഷക്കാരൻ അയാളുടെ മുന്നിൽ മുട്ടുമടക്കി നിന്നു പോയി.

ഭിക്ഷക്കാരൻ അങ്ങാടിയിൽ അരിക്കട തുടങ്ങി. അയാൾ നല്ല വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങി. അയാൾ നന്നായ് അധ്വാനിച്ചു. നേരം പുലരും മുമ്പേ എഴുന്നേൽക്കും, രാത്രി വളരെ വൈകി ഉറങ്ങും. അരിക്കട നല്ല നിലയിൽ മുന്നോട്ടു പോയി, പക്ഷെ പ്രധാന കാരണം അരിയുടെ ഗുണ മേന്മ തന്നെ ആയിരുന്നു. അമ്പരപ്പിക്കുന്ന ലാഭമായിരുന്നു 30 ദിവസത്തിന് ശേഷം ലഭിച്ചത്. അയാൾ പൈസ എണ്ണി തിട്ടപ്പെടുത്താൻ തുടങ്ങി. പണം കയ്യിൽ വരുമ്പോഴുള്ള അനുഭൂതി അയാൾ ശരിക്കും അസ്വതിക്കാൻ തുടങ്ങി. അതോടൊപ്പം അയാളുടെ മനസ്സില് ഒരു ചിന്തയും ഉടലെടുത്തു.

"ഹാ! ഞാൻ എന്തിനു 10% എന്റെ പങ്കാളിക്ക് കൊടുക്കണം? ഈ ഒരു മാസമത്രയും ഞാൻ അയാളെ കണ്ടില്ല! രാവും പകലും കഷ്ടപ്പെട്ട് ഞാനാണ്. ഈ കച്ചവടം ഇത്രയും നല്ല നിലയിൽ എത്തിച്ചത് ഞാനാണ്. ലാഭം മുഴുവനും എനിക്ക് മാത്രം അവകാശപ്പെട്ടതാണ്."

ധനികൻ അയാളുടെ 10% ലാഭവിഹിതം വങ്ങിക്കാനായ് വന്നു. പഴയ ഭിക്ഷക്കാരൻ പറഞ്ഞു "നിനക്ക് 10% ലാഭ വീതത്തിന് ഒരു അർഹതയുമില്ല. ഇത് എന്റെ കഠിന പ്രയത്നത്തിന്റെ ഫലമാണ്. അതുകൊണ്ട് ലാഭം മുഴുവനും എനിക്ക് മാത്രം അവകാശപെട്ടതാണ്."

ആ ധനികനായ കച്ചവട പങ്കാളി നിങ്ങളായിരുന്നു എങ്കിൽ, എന്ത് വികാരമാണ് നിങ്ങളിൽ ഉണ്ടായിട്ടുണ്ടാവുക? നമ്മളിൽ ചിലരെങ്കിലും ആ ഭിക്ഷക്കാരനെ പോലെയാണ്. നമ്മുടെ ജീവിതവും നാം ശ്വസിക്കുന്ന ഓരോ ശ്വാസവും ദൈവം തന്നതാണ്. പണം സമ്പാതിക്കാനുള്ള നമ്മുടെ കഴിവുകളും, സംസാര പാടവവും, നിർമാണ നൈപുണ്യവും ദൈവം തന്നതാകുന്നു. നമ്മുടെ ശരീരവും, കണ്ണുകളും, ചെവികളും, വായും, കൈകളും, കാലും, ഹൃദയവും എല്ലാം ദൈവത്തിൻ സൃഷ്ടി ആകുന്നു. ദൈവം സമ്മാനിച്ചവയെ ദൈവത്തിന് നൽകി ജീവിക്കുമ്പോഴാണ് ദൈവം അനുഗ്രഹിക്കുന്നത്.

തങ്ങളുടെ അസാദ്ധ്യതയിലേയ്ക്ക് ദൈവം അയച്ച വലിയ കാരുണ്യമാണ് സ്നാപകയോഹന്നാൻ. ദൈവം അയച്ച കാരുണ്യത്തെ അതേ പേരിൽ വിളിക്കുന്ന ദമ്പതികൾ മതൃകകൾ തന്നെയാണ്!

ശിശുവിന് എന്ത് പേരു നൽകാനാണ് ആഗ്രഹിക്കുന്നതെന്ന് സഖറിയായോട് ആംഗ്യം കാണിച്ചു ചോദിക്കുന്ന ജനങ്ങൾക്ക് മുമ്പിൽ ഒരു എഴുത്തുപലക വരുത്തി അതിൽ അവൻ ഇപ്രകാരം എഴുതി: യോഹന്നാൻ എന്നാണ് അവൻെറ പേര്. ഇത് കണ്ട എല്ലാവരും അദ്ഭുതപ്പെട്ടു. തൽക്ഷണം സഖറിയായുടെ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി. ദൈവം അനുഗ്രഹങ്ങൾ ചൊരിയുമ്പോൾ ദൈവത്തെ മറക്കാതെ വാഴ്ത്താൻ സാധിക്കുന്നുണ്ടോ?

മലയാളത്തിലെ ഏറ്റവും ശക്തമായ ഭക്തിഗാനങ്ങളിൽ ഒന്ന് ഇപ്രകാരമാണ്,

"ദൈവം തന്നതല്ലാതൊന്നും, ഇല്ലായെന്റെ ജീവിതത്തിൽ...
ദൈവത്തിന്റെ ദാനം മാത്രം, ഒള്ളുയെന്റെ ജീവിതത്തിൽ..."

ഫാ. ജോബി മേനോത്ത്
+91 944 7777 931